ഉത്തരം

(എ) — (ഡി) നവംബർ 30-ാം തീയതി മാത്രമേ ജനസമ്പർക്കപരിപാടി തീരുകയുള്ളൂ. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

നൂറു ദിവസത്തെ പരിപാടി

15 [16] *ശ്രീ. വർക്കല കഹാർ:*

„ *വി. ഡി. സതീശൻ:*

„ *എ. സുജനപാൽ:*

„ *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നൂറു ദിവസങ്ങൾക്കുള്ളിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) ഇതുവരെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഗവൺമെന്റിന്റെ പ്രഖ്യാപന പ്രകാരം പ്രവർത്തിക്കുന്നതിനാവശ്യമായ സഹകരണം ഉദ്യോഗസ്ഥൻമാരുടെ പക്ഷത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിലായി 104 പദ്ധതികൾ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാനും നിലവിലുള്ള ഒഴിവുകൾ എല്ലാം പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്യുവാനും ഡി. പി. സി.-കൾ കൂടി പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ നികത്താനുള്ള നടപടികൾ തുടങ്ങാനും 31-8-2004 വരെ കെട്ടിക്കിടന്ന 125266 ഫയലുകളിൽ തീർപ്പു കൽപ്പിക്കാനും തീരുമാനിച്ചു. 14 ജില്ലകളിലും മുഖ്യമന്ത്രി നേരിട്ട് ജനസമ്പർക്ക പരിപാടി നടത്തി ആവുന്നത്ര പരാതികൾക്ക് പരിഹാരമുണ്ടാക്കിയിട്ടുണ്ട്.

(ബി) നേട്ടങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക ഇതോടൊപ്പം ചേർക്കുന്നു. †

(സി) ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണ സഹകരണം ഉണ്ടാവുന്നുണ്ട്.

സർക്കാർ പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മ പദ്ധതി

16 [17] *ശ്രീ. പി. ജയരാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മപദ്ധതികൾ ഏതൊക്കെയായിരുന്നെന്നും പ്രഖ്യാപിച്ച പദ്ധതികളോരോന്നും ഇതിനകം എത്രമാത്രം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

---

† അനുബന്ധം -III കാണുക.

LIBRARY ARCHIVES Kerala Legislative Assembly